**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **10-02-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഗവ. വനിത കോളേജിനുള്ള കിഫ്ബി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഗവൺമെൻറ് വനിത ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ച കിഫ്ബി ഫണ്ടിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൌകര്യ വികസനത്തിനായി 27-03-2023 – ലെ HED007-38/APR-4/2023/KIIFB നമ്പർ ഉത്തരവു പ്രകാരം 18.61 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നിലവിൽ ടെൻഡർ ചെയ്തിട്ടുണ്ടെന്നും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. കിറ്റ് കോ നൽകിയ 15.69 കോടി രൂപയുടെ സാങ്കേതികാനുമതി 03-08-2023-ലെ 48/HED/KIIFB/2021-22 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച ഫണ്ട് വിനിയോഗത്തിൽ നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി കിറ്റ്കോ-യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ